10.09.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 04-12-95

# യഥാർത്ഥ നിശ്ചയത്തിന്റെ അടിത്തറയിലൂടെ സമ്പൂർണ്ണ പവിത്രതയെ ധാരണ ചെയ്യൂ

ഇന്ന് ബാപ്ദാദ ദേശവിദേശത്തിലെ നാനാഭാഗത്തെ പുതിയ പുതിയ കുട്ടികളെ നോക്കി കാണുകയാണ്. മധുബനിൽ സാകാര രൂപത്തിൽ വന്നവരാണെങ്കിലും ആകാരി രൂപത്തിൽ അവരവരുടെ സേവാകേന്ദ്രങ്ങളിൽ എത്തിച്ചേർന്നവരാണെങ്കിലും, ബാപ്ദാദ പുതിയ കുട്ടികളുടെ നിശ്ചയത്തെ കാണുകയായിരുന്നു. എന്തുകൊണ്ടെന്നാൽ നിശ്ചയം ഈ ബ്രാഹ്മണ ജീവിതത്തന്റെ സമ്പന്നതയുടെ അടിത്തറയാണ്. അടിത്തറ ഉറപ്പാണെങ്കിൽ സഹജമായും തീവ്രഗതിയിലൂടെയും സമ്പൂർണ്ണത വരെ എത്തിച്ചേരുമെന്നുള്ളത് നിശ്ചിതമാണ്. അപ്പോൾ ബാപ്ദാദ കാണുന്നത്, നിശ്ചയവും ഭിന്ന ഭിന്ന പ്രകാരത്തിലാണ്. യഥാർത്ഥ നിശ്ചയമിതാണ്, ഞാൻ പരമാത്മാ പിതാവിന്റേതായിക്കഴിഞ്ഞു, സ്വയത്തെയും ആത്മ രൂപത്തിൽ അറിയുക അംഗീകരിക്കുക, അതനുസരിച്ച് പെരുമാറുക, ബാബയെയും എങ്ങനെയാണോ ആ രീതിയിൽ തിരിച്ചറിയുക - ഇതിനെയാണ് യഥാർത്ഥ നിശ്ചയം എന്നു പറയുന്നത്.

രണ്ടാമത്തെ നിശ്ചയം, യോഗത്തിലൂടെ കുറച്ചു സമയത്തേക്ക് അശാന്തിയിൽ നിന്നും ശാന്തിയുടെ അനുഭവം ചെയ്യുന്നുണ്ട്. സ്ഥാനത്തിന്റെ ശക്തിശാലി ശാന്തിയുടെ അന്തരീക്ഷം ആകർഷിക്കുന്നുണ്ട്. അഥവാ ബ്രാഹ്മണാത്മാക്കളുടെ ബ്രാഹ്മണ പരിവാരത്തിന്റെ ആത്മീയ സ്നേഹത്തിന്റെയും പവിത്രയുടെയും പ്രഭാവം തന്റെ ജീവിതത്തിൽ പതിയുന്നു, കൂട്ടുകെട്ട് നല്ലതായി തോന്നുന്നു, ലോകത്തിലുള്ള വാതാവരണവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ സംഗം നല്ലതായി തോന്നുന്നു, ജ്ഞാനവും നല്ലതാണ്, പരിവാരവും നല്ലതാണ്, വായുമണ്ഡലവും നല്ലതാണ്... അപ്പോൾ ഈ നല്ലതാണെന്ന അടിത്തറയുടെ ആധാരത്തിലാണ് നടക്കുന്നത്. ഇതാണ് രണ്ടാമത്തെ പ്രകാരത്തിലുള്ളവർ. ആദ്യത്തെ നമ്പറിലുള്ളവരെ കേൾപ്പിച്ചല്ലോ യഥാർത്ഥമായ നിശ്ചയം. രണ്ടാമത്തെ നമ്പറിലുള്ളവർ നല്ലതായി തോന്നുന്നവർ. ഇനി മൂന്നാമത്തെ നമ്പർ - ലോകത്തിലുള്ള സംബന്ധികളുടെ ദുഖമയമായ വാതാവരണത്തിൽ നിന്നും രക്ഷപ്പെട്ട് എത്രത്തോളം സമയമാണോ സേവാകേന്ദ്രത്തിലേക്ക് വരുന്നത്, അത്രയും സമയം ദുഖത്തിൽ നിന്നും അകന്ന് ശാന്തിയുടെ അനുഭവം ചെയ്യുന്നു. ജ്ഞാനത്തിന്റെ ആഴങ്ങളിലേക്ക് പോകുന്നില്ല, എന്നാൽ ശാന്തിയുടെ പ്രാപ്തി കാരണം ഇടയ്ക്ക് വരുന്നു, ഇടയ്ക്ക് വരുന്നില്ല. എന്നാൽ ആരാണോ യഥാർത്ഥ നിശ്ചയബുദ്ധികളായ കുട്ടികൾ അവരാണ് വിജയികൾ. ആരംഭത്തിൽ വരുന്ന സമയത്ത് എല്ലാവരും അശാന്തിയിൽ നിന്നും അകന്ന് ശാന്തിയ്ക്കായുള്ള ആഗ്രഹത്തിന് വരുന്നു. എങ്ങനെയാണോ ദാഹിച്ചിരിക്കുന്നവർക്ക് ഒരു തുള്ളി വെള്ളമെങ്കിലും ലഭിക്കുകയാണെങ്കിൽ വളരെ വലിയ കാര്യമെന്ന് അനുഭവിക്കുന്നത്. അപ്പോൾ അപ്രാപ്തിയിൽ നിന്നും പ്രാപ്തിയുണ്ടാകുന്നു, പരിവാരത്തിൽ, ജ്ഞാന യോഗത്തിൽ വായുമണ്ഡലത്തിൽ വ്യത്യാസമുണ്ടാകുന്നതു കാണുമ്പോൾ ആരംഭത്തിൽ വളരെയധികം ഉണർവ്വോടെയും ഉത്സാഹത്തോടെയും മുന്നേറുന്നു. വളരെയധികം ലഹരിയുമുണ്ടാകുന്നു, സന്തോഷവുമുണ്ടാകുന്നു. എന്നാൽ ആദ്യ നമ്പറിലുള്ള യഥാർത്ഥ നിശ്ചയത്തിന്റെ ഫൗണ്ടേഷൻ പക്കാ അല്ലെങ്കിൽ രണ്ടാമത്തെയോ മൂന്നാമത്തെയോ നമ്പറിലുള്ള നിശ്ചയമാണെങ്കിൽ പതുക്കെ പതുക്കെ ആരംഭത്തിലുണ്ടായിരുന്ന സന്തോഷം, ലഹരി, എന്നിവയിൽ വ്യത്യാസം വരുന്നു.

ഈ സീസണിൽ പുതിയവർ ധാരാളമുണ്ട്. അവസരവും ലഭിക്കുന്നുണ്ട്. ഇത് വളരെ നല്ലത്. ബാപ്ദാദയ്ക്കും പുതിയ പുതിയ കുട്ടികളെക്കണ്ട് സന്തോഷം തോന്നുന്നു. ഇവർ വീണ്ടും തന്റെ പരിവാരത്തിലേക്ക് എത്തിച്ചേർന്നല്ലോ. എന്നാൽ നിശ്ചയത്തിന്റെ അടിത്തറ പക്കയാണോ എന്ന് പരിശോധിക്കൂ. നമ്മുടെ നിശ്ചയം ഒന്നാമത്തെതാണോ രണ്ടാമത്തെതാണോ? അഥവാ നിശ്ചയം നമ്പർ വണ്ണാണെങ്കിൽ മുന്നോട്ടു പോകവേ മുഖ്യമായും പവിത്രതയുടെ ധാരണയിൽ ബുദ്ധിമുട്ട് അനുഭവപ്പെടില്ല. അഥവാ പവിത്രത സ്വപ്നത്തിലെങ്കിലും ഇളകുന്നു എങ്കിൽ ചഞ്ചലതയിലേക്ക് വരുന്നു എങ്കിൽ മനസ്സിലാക്കിക്കോളൂ നമ്പർവൺ അടിത്തറ കച്ചയാണ്. എന്തുകൊണ്ടെന്നാൽ ആത്മാവിന്റെ സ്വധർമ്മം പവിത്രതയാണ്. അപവിത്രത പരധർമ്മമാണ്. പവിത്രതയാണ് സ്വധർമ്മം. സ്വധർമ്മത്തിന്റെ നിശ്ചയമുണ്ടായി എങ്കിൽ പരധർമ്മത്തിന് ഇളക്കാൻ സാധിക്കില്ല. പല കുട്ടികളും പറയാറുണ്ട് ആദ്യം വളരെയധികം നല്ലതായിരുന്നു. ഇപ്പോൾ എന്തു സംഭവിച്ചു എന്നറിയില്ലെന്ന്. അപ്പോൾ എന്തു സംഭവിക്കുന്നു അർത്ഥം ബാബ എന്താണോ എങ്ങിനെയാണോ ആ രീതിയിൽ അനുഭവം ചെയ്യുന്നില്ല. ബാബ കൂടെയുണ്ടോ? എന്ന് ചോദിച്ചാൽ എല്ലാവരും കൈ ഉയർത്തും. കൈകൾ ഉയർത്തുവാൻ എളുപ്പമാണ്. ബാബ കൂടെയുണ്ട് എങ്കിൽ ബാബയുടെ ഏറ്റവും ആദ്യത്തെ മഹിമയാണ് സർവ്വശക്തൻ - ഇത് അംഗീകരിക്കുന്നുണ്ടോ അതോ കേവലം അറിയുക മാത്രമാണോ? അപ്പോൾ സർവ്വശക്തനായ ബാബ കൂടെയുണ്ടെങ്കിൽ സർവ്വശക്തന്റെ മുന്നിൽ അപവിത്രതയ്ക്ക് വരാൻ സാധിക്കുമോ? സാധിക്കില്ലല്ലോ? എന്നാൽ വരുന്നുണ്ടല്ലോ? അപ്പോൾ

എവിടുന്നാണ് വരുന്നത്? മറ്റേതെങ്കിലും സ്ഥലമുണ്ടോ? കളളന്മാർ അവർക്കായി ഒരു പ്രത്യേക വാതിൽ തയ്യാറാക്കാറുണ്ട്. അതുപോലെ താങ്കളുടെ പക്കലും ഒളിഞ്ഞു കിടക്കുന്ന വാതിലുണ്ടോ? പരിശോധിക്കൂ? ഇല്ലെങ്കിൽ മായ എവിടുന്നു വരാനാണ്? മുകളിൽ നിന്നും വന്നോ? അഥവാ മുകളിൽ നിന്നും വന്നു എങ്കിൽ മുകളിൽ നിന്നു തന്നെ ഇല്ലാതാകണമല്ലോ. ആരെങ്കിലും ഒളിച്ച് ഗേറ്റിലൂടെ വന്നാൽ താങ്കൾക്ക് അറിയില്ല അതിനാൽ പരിശോധിക്കൂ മായ ഏതെങ്കിലും ഒളി വാതിൽ ഉണ്ടാക്കിയിട്ടില്ലല്ലോ. വാതിൽ ഉണ്ടാക്കുന്നതും എങ്ങനെയെന്ന് അറിയുമോ? താങ്കളുടെ ഏതെങ്കിലും വിശേഷ ദുർബല സ്വഭാവ സംസ്കാരങ്ങളെയാണ് മായ ഗേറ്റാക്കി മാറ്റുന്നത്. താങ്കൾ എത്ര തന്നെ ഗേറ്റ് അടയ്ക്കുവാൻ പരിശ്രമിച്ചാലും, ഗേറ്റ് ദുർബലമാണെങ്കിൽ, എല്ലാം അറിയുന്ന മായയ്ക്കറിയാം ഗേറ്റ് ദുർബലമാണ് അതിനാൽ ഇതിലൂടെയും വഴി കണ്ടെത്തുവാൻ സാധിക്കുമെന്ന്. കണ്ടെത്തുകയും ചെയ്യുന്നു. മുന്നോട്ടു പോകവേ അപവിത്രതയുടെ സങ്കല്പങ്ങൾ വരുന്നു. വാക്കുകളും പിന്നീട് കർമ്മവും അങ്ങിനെയാകുന്നു. അപ്പോൾ ഗേറ്റ് തുറന്നതു കൊണ്ടല്ലേ മായ വന്നത്. പിന്നീട് എങ്ങനെ മായ കൂട്ടു പിടിച്ചു.? സർവ്വശക്തനായ ബാബയാണ് കൂടെയുളളതെന്നു പറയുന്നു, പിന്നീട് എങ്ങനെ ദുർബലത വന്നു? ദുർബലതയ്ക്ക് സ്ഥാനമുണ്ടോ? ഇല്ലല്ലോ? വീണ്ടും എന്തിനു സ്ഥാനം കൊടുക്കുന്നു. പവിത്രതയിൽ ഏതു വികാരമാണെങ്കിലും അത് ലോഭമാണെങ്കിലും ലോഭം കേവലം ഭക്ഷണ പാനീയങ്ങളോടല്ല. പലരും ഇങ്ങനെ മനസ്സിലാക്കുന്നു, എനിക്ക് ധരിക്കുന്ന കാര്യത്തിലോ ഭക്ഷണത്തിലോ വസിക്കുന്നതിലോ ഒന്നും തന്നെ ആകർഷണമില്ലല്ലോ എന്ന്. എന്ത് ലഭിക്കുന്നുവോ എന്ത് ഉണ്ടാക്കുന്നുവോ അതനുസരിച്ച് മുന്നോട്ട് പോകുന്നുണ്ടല്ലോ. എന്നാൽ മുന്നോട്ട് പോകവേ മായ ലോഭവും റോയൽ രൂപത്തിലും സൂക്ഷ്മ രൂപത്തിലും കൊണ്ടുവരുന്നു. രാജകീയമായ ലോഭമെന്താണ്? അത് വിദ്യാർത്ഥിയാണെങ്കിലും ടീച്ചറാണെങ്കിലും മായ രണ്ടു പേരിലും റോയൽ ലോഭം കൊണ്ടു വരാനുളള മുഴുവൻ പരിശ്രമവും ചെയ്യുന്നു. വിദ്യാർത്ഥികളാണെങ്കിലും വളരെ നല്ല നിശ്ചയബുദ്ധിയും സേവാധാരികളുമാകാം, എല്ലാത്തിലും നല്ലതായിരിക്കും, എന്നാൽ മുന്നോട്ട് പോകവേ രാജകീയമായ ലോഭം വരുന്നു, ഞാൻ വളരെ നല്ല രീതിയിൽ എല്ലാം ചെയ്യുന്നുണ്ടല്ലോ, എല്ലാ വിധത്തിലും സഹയോഗികളാണ്, ശരീരം കൊണ്ട്, മനസ്സ് കൊണ്ട്, ധനം കൊണ്ട് ഏതു സമയം വേണമോ സേവനത്തിൽ ഹാജരാകുന്നു, എന്നിട്ടും എന്റെ പേര് ടീച്ചർ വർണ്ണിക്കുന്നില്ല, ഇവർ വളരെ നല്ലതാണെന്ന് പറയുന്നില്ല. ഇനി ഈയൊരു ചിന്ത വന്നില്ലെങ്കിൽ മറ്റു രൂപത്തിലുളള മായ എന്താണ്? ശരി, പേര് എടുത്തു പറഞ്ഞു എന്നു തന്നെയിരിക്കട്ടെ. അപ്പോൾ പേര് കേട്ട്,കേട്ട് ഞാൻ തന്നെയാണ് ഇങ്ങനെ, ഞാൻ തന്നെയാണ് ചെയ്യുന്നത്. അത് അഭിമാനത്തിന്റെ രൂപത്തിൽ വരുന്നു. അല്ലെങ്കിൽ വളരെയധികം സേവനം ചെയ്ത് വന്ന ശേഷം ആരും താങ്കളോട് ഒന്നും തന്നെ ചോദിച്ചില്ലെങ്കിൽ, ഒരു ഗ്ലാസ്സ് വെളളം പോലും ചോദിച്ചില്ലെങ്കിൽ, നോക്കിയതേയില്ലെങ്കിൽ, എല്ലാവരും അവരവരുടെ ജോലിയിൽ വിശ്രമത്തിൽ ബിസിയായാൽ, അപ്പോഴും ഈയൊരു ചിന്തയുണ്ടാകുന്നു, എല്ലാം ചെയ്താലും ആരും ഒന്നും തന്നെ ചോദിക്കില്ല. അപ്പോൾ ചെയ്തിട്ടു തന്നെ എന്താണ് കാര്യം? ചെയ്യുന്നതും ചെയ്യാത്തതും ഒരുപോലെയാണ്. വിവരങ്ങൾ അന്വേഷിക്കാനായി ആരും തന്നെയില്ലല്ലോ. ഇതിനേക്കാളും നല്ലത്, വിശ്രമത്തോടെ വീട്ടിലിരിക്കുന്നതാണ്, എപ്പോൾ ആവശ്യമുണ്ടോ അപ്പോൾ വന്ന് സേവനം ചെയ്യാം. ഈ ഭിന്ന-ഭിന്ന പ്രകാരത്തിലുളള വികാരങ്ങളുടെ റോയൽ രൂപത്തിലുളള മായ വരുന്നു. ഒരു വികാരമെങ്കിലും വന്നു കഴിഞ്ഞാൽ, ഉദാഹരണത്തിനായി ലോഭം വന്നില്ല, അഹങ്കാരം വന്നു എങ്കിൽ, താങ്കളെ അംഗീകരിക്കണമെന്ന ചിന്ത വന്നു എങ്കിൽ, എവിടെയാണോ ഒരു വികാരമെങ്കിലും ഉളളത്, അവിടെ ബാക്കി നാലെണ്ണവും കൂട്ടുകാരായി വരുന്നു. ഒന്നിനു താങ്കൾ അവസരം നൽകുകയാണെങ്കിൽ, ബാക്കി ഒളിഞ്ഞിരിക്കുന്നവർ മുഴുവനും തന്റെ അവസരം മുതലെടുക്കുന്നു. പിന്നീട് പറയുന്നു, മുമ്പത്തെപ്പോലുളള ആവേശം ഇപ്പോഴില്ല. ആദ്യം വളരെ നല്ലതായിരുന്നു. ആദ്യം അവസ്ഥ വളരെ നല്ലതായിരുന്നു, ഇപ്പോൾ എന്തു സംഭവിച്ചു എന്നറിയില്ല. മായയാകുന്ന കളളൻ തന്റെ ഒളിവാതിലിലൂടെ വന്നു - ഇതാണ് കാരണം, അല്ലാതെ എനിക്ക് കാരണമറിയില്ലെന്നു പറയരുത്.

ടീച്ചർമാർക്കും വരുന്നുണ്ട്. ടീച്ചർക്ക് എന്താണ് ആവശ്യം? സെന്റർ വളരെ നല്ലതായിരിക്കണം. വസ്ത്രം എങ്ങനെയുളളതാണെങ്കിലും സെന്റർ വസിക്കുവാൻ യോഗ്യതയുളളതായിരിക്കണം. നല്ലതായിരിക്കണം. കൂടെയുളളവർ നല്ലതായിരിക്കണം, വിദ്യാർത്ഥികൾ നല്ലതായിരിക്കണം. ബാബയുടെ ഭണ്ഡാരി നല്ലതായിരിക്കണം. അഥവാ നല്ല വിദ്യാർത്ഥികൾ മാറുകയാണെങ്കിൽ ഹൃദയമിടിപ്പ് വർദ്ധിക്കുന്നു. പിന്നീട് ചിന്തിക്കുന്നു, എന്തു ചെയ്യാനാണ്, ഇവർ സഹയോഗിയായിരുന്നില്ലേ, ഇപ്പോൾ അവരും പോയി. സഹയോഗികൾ ഇവരാണോ ബാബയാണോ? ആ സമയത്ത് ആരെയാണ് കാണപ്പെടുന്നത്? ജിജ്ഞാസുവിനെയാണോ അതോ ബാബയെയാണോ? അപ്പോൾ ഈ റോയൽ മായ അടിത്തറയെ ഇളക്കുവാൻ പ്രയത്നിക്കുന്നു. സർവ്വശക്തനായ ബാബ കൂടെയുണ്ട് എന്ന നിശ്ചയം താങ്കൾക്ക് ഉണ്ട് എങ്കിൽ, ബാബ ആരെയെങ്കിലും നിമിത്തമാക്കി മാറ്റുന്നു. പലരും ഇങ്ങനെ ചിന്തിക്കുന്നവരുണ്ട്, ഞങ്ങൾക്ക് കുറഞ്ഞത് ഒരു തവണയെങ്കിലും ആബുവിലെ സമ്മേളനത്തിന് അഥവാ ഏതെങ്കിലും വലിയ

സമ്മേളനത്തിനായി അവസരം ലഭിക്കണം. അതൊന്നുമില്ലെങ്കിലും യോഗശിബിരത്തിനെങ്കിലും അവസരം വേണം. പ്രഭാഷണം ചെയ്തില്ലെങ്കിലും സ്റ്റേജിലേക്കെങ്കിലും വരണമല്ലോ. ഇനി വിനാശവും പെട്ടെന്നു തന്നെ സംഭവിക്കും, എന്താ വിനാശം വരെയും നമ്മുടെ നമ്പർ വരില്ലേ.. നമ്പർ ഒരു തവണയെങ്കിലും വരണമല്ലോ. എന്നാൽ ആദ്യമേ തന്നെ ബാപ്ദാദ കേൾപ്പിച്ചിരുന്നു, അഥവാ യോഗ്യമാണെങ്കിൽ, അവസരം ലഭിക്കുന്നു എങ്കിൽ സന്തോഷത്തോടെ ചെയ്യൂ. എന്നാൽ എനിക്ക് അവസരം ലഭിക്കണം എന്ന സങ്കല്പം രചിക്കുന്നതും യാചിക്കുന്നതിനു സമാനമാണ്. വേണം, വേണം എന്നുള്ളത് രാജകീയമായ യാചനയാണ്. ഇത് സംഭവിക്കേണ്ടതാണ്, നമ്മെ ആരും തന്നെ തിരിച്ചറിയുന്നില്ല, ദാദി– ദീദിമാരും നമ്മെ തിരിച്ചറിയുന്നില്ല. ആരാണോ മുന്നോട്ട് വരുന്നവർ അവരെ തന്നെ മുന്നിലേക്ക് കൊണ്ടുപോയിക്കൊണ്ടിരിക്കുന്നു – അപ്പോൾ ഈ സങ്കല്പം വരുന്നതും സൂക്ഷ്മ യാചനയാണ്. എന്നാൽ ബാപ്ദാദ കേൾപ്പിച്ചിരുന്നു, താങ്കൾ വേദിയിലേക്ക് വന്നാലും, അഥവാ താങ്കളുടെ ഏതെങ്കിലും വിശേഷത കാരണത്താൽ, യോഗമില്ലെങ്കിലും അവസ്ഥ നല്ലതല്ലെങ്കിലും എന്നാൽ വാക്കുകളിൽ, പിടിച്ചെടുക്കാനുള്ള ശക്തിയിൽ വിശേഷതയുണ്ടെങ്കിൽ, അവസരം ലഭിക്കുന്നു. എന്തുകൊണ്ടെന്നാൽ ചിലരുടെ വാക്കുകളിൽ മധുരതയുണ്ടാകുന്നു. സ്പഷ്ടത ഉണ്ടാകുന്നു, പെട്ടെന്ന് പിടിച്ചെടുക്കാനുള്ള ശക്തിയുണ്ടാകുന്നു, ഇവിടുത്തെ കാര്യം അവിടെ നടന്നതു പോലെ പെട്ടെന്ന് പിടിച്ചെടുത്ത് സ്പഷ്ടമായി കേൾപ്പിക്കുന്നു. അതിനാൽ അവരുടെ പേരും പ്രസിദ്ധമാകുന്നു. ആരു വേണമെന്നു ചോദിച്ചാൽ ഇന്നവർ വേണമെന്നു പറയുന്നു, ആരെ പറഞ്ഞയക്കണമെന്നു ചോദിച്ചാൽ ഇന്നവർ മതി എന്നു പറയുന്നു. അവർ യോഗത്തിൽ കച്ചയാണെങ്കിലും, ഈ കാര്യത്തിൽ നിങ്ങൾ നമ്പർ ഫൈനലാക്കരുത്. ഫൈനൽ നമ്പറിൽ ഒരിക്കലും ഇതുണ്ടാകില്ല, ഇവർ എത്രത്തോളം പ്രഭാഷണം ചെയ്തു, ഇവർ എത്രത്തോളം വിദ്യാർത്ഥികളെ അഥവാ സെന്ററുകൾ നിർമ്മിച്ചു എന്ന്... എന്നാൽ എത്ര പേരെ നമ്മൾ യോഗ്യരാക്കി മാറ്റി. സെന്റർ ഉണ്ടാക്കുക എന്നുള്ള വലിയ കാര്യമല്ല, എന്നാൽ എത്ര പേരെ യോഗ്യരാക്കി മാറ്റി. ചിലപ്പോൾ പേരുണ്ടാകും – 30 സെന്ററുകളുടെ ചാർജ്ജാണ് എന്നൊക്കെ. 30 സെന്ററുകളിൽ 15 എണ്ണം ഇളകിക്കൊണ്ടിരിക്കുന്നു, 15 എണ്ണം മാത്രമെ ശരിയുള്ളൂ എങ്കിൽ, പ്രയോജനമുണ്ടായിരുന്നോ അതോ കേവലം പേരു മാത്രം മതിയോ? കേവലം പേരുണ്ട്, ഇവർക്ക് 30 സേവാകേന്ദ്രങ്ങളുണ്ടെന്ന്. എന്നാൽ ഇതിലൂടെ മാത്രം നമ്പർ ഉണ്ടാവുകയില്ല. ഫൈനൽ നമ്പർ വരുന്നത്, എത്ര പേർക്ക് സുഖം നൽകി, എത്രത്തോളം സ്വയം ശക്തിശാലിയായിത്തീർന്നു. എന്നതിനനുസരിച്ചായിരിക്കും. അതിനാൽ വേണം, വേണം എന്നത് അവസാനിപ്പിക്കണം. ഇല്ലെങ്കിൽ യോഗം ലഭിക്കില്ല. ദിവസേന നോക്കിക്കൊണ്ടിരിക്കുന്നത് ഇതാണ്, ഇന്ന സ്ഥലത്ത് പരിപാടി വെച്ചു, എന്നാൽ എന്നെ വിളിച്ചില്ലല്ലോ എന്ന്. നാളെ ഇവിടെ പ്രോഗ്രാം ഉണ്ട്, ഇന്നലെ ഇന്നവിടെ നടന്നു.... അപ്പോൾ ഇങ്ങനെ ചിന്തിക്കുന്നതിലൂടെ യോഗം ലഭിച്ചോ അതോ പ്രോഗ്രാം എണ്ണിക്കൊണ്ടിരിക്കുമോ?

അപ്പോൾ മുഖ്യമായ കാര്യമിതാണ്, യഥാർത്ഥ നിശ്ചയത്തെ പക്കയാക്കൂ. പറയുന്ന സമയത്ത് ഞാൻ ആത്മാവാണ്, ബാബ സർവ്വശക്തനാണ് എന്നെല്ലാം പറയുന്നുണ്ട്. എന്നാൽ പ്രത്യക്ഷത്തിൽ കർമ്മത്തിലേക്ക് വരണം. ബാബ സർവ്വശക്തനാണ് എന്നാൽ എന്നെ മായ ഇളക്കിക്കൊണ്ടിരിക്കുന്നുണ്ട് എങ്കിൽ ആരാണ് അംഗീകരിക്കുക ഇവരുടെ അച്ഛൻ സർവ്വശക്തനാണ് എന്ന്. എന്തുകൊണ്ടെന്നാൽ ബാബയെക്കാളും മുകളിൽ മറ്റാരും തന്നെയില്ലല്ലോ. അപ്പോൾ ഇന്ന് ബാപ്ദാദ നിശ്ചയത്തിന്റെ അടിത്തറ നോക്കിക്കൊണ്ടിരിക്കുകയാണ്. പഴയവരാണെങ്കിലും പുതിയവരാണെങ്കിലും ഈ നിശ്ചയത്തിന്റെ അടിത്തറ പ്രത്യക്ഷത്തിൽ കൊണ്ടു വരൂ, സമയത്തിനനുസരിച്ച് ഉപയോഗിക്കൂ. സമയം കഴിഞ്ഞു പോയാൽ ബാബയ്ക്കു മുന്നിൽ പശ്ചാത്താപത്തിന്റെ രൂപത്തിൽ വരുന്നു – എന്തു ചെയ്യും ബാബാ സംഭവിച്ചു പോയി... ബാബാ അങ്ങ് ദയാമനസ്കനാണ്, ദയ കാണിക്കൂ... അപ്പോൾ ഇതൊക്കെ എന്താണ്? ഇതും രാജകീയമായ പശ്ചാതാപമാണ്. ബാബ കൂടെയുണ്ട് എങ്കിൽ ആർക്കും അടുത്തേക്ക് വരാനുള്ള ധൈര്യമില്ല. നിശ്ചയബുദ്ധിയുടെ അർത്ഥം തന്നെ വിജയി എന്നാണ്. അഥവാ എന്തെങ്കിലും കർമ്മക്കണക്ക് വരുകയാണെങ്കിലും മനസ്സിനെ ഇളക്കരുത്. സ്ഥിതിയെ കീഴ്മേൽ മറിക്കരുത്. അഥവാ മായ വന്നാൽ പെട്ടെന്നു ദൂരെ നിന്നു തന്നെ അതിനെ ഇല്ലാതാക്കണം. ഇപ്പോൾ യോദ്ധാവാകരുത്. പലരും ഇപ്പോഴും നിരന്തര യോഗിയല്ല. കുറച്ചു സമയം യോഗിയും കുറച്ചു സമയം യുദ്ധം ചെയ്യുന്ന യോദ്ധാവുമാണ്. എന്നാൽ സ്വയത്തെ എന്താണ് പറയുന്നത്, യോഗി എന്നോ അതോ യോദ്ധാവെന്നോ? സഹയോഗി എന്നാണല്ലോ പറയുന്നത്. അപ്പോൾ ആരെല്ലാമാണോ പുതിയവർ വന്നിട്ടുള്ളത്, അവർക്ക് ബാപ്ദാദ ഭാഗ്യം പ്രാപ്തമാക്കിയതിന്റെ ആശംസകൾ നൽകുന്നു. എന്നാൽ ആശംസകളോടൊപ്പം ഇതും പരിശോധിക്കണം, അടിത്തറ നമ്പർ വണ്ണാണോ അതോ രണ്ടാം നമ്പറാണോ?

പലരും പറയാറുണ്ട്, ജ്ഞാനയോഗം വളരെയധികം നല്ലതാണ്, നല്ലത് എന്നത് ശരി എന്നാൽ കർമ്മത്തിലേക്ക് വരുന്നുണ്ടോ? ജ്ഞാനം അർത്ഥം ആത്മാവ്, പരമാത്മാവ്, ഡ്രാമ എന്ന് പറയുക മാത്രമല്ല. ജ്ഞാനം അർത്ഥം വിവേകമാണ്. വിവേകശാലി അർത്ഥം ഏതുപോലെ സമയം അതനുസരിച്ച് വിവേകം പ്രയോഗിക്കുന്നതിലൂടെ സദാ സഫലത പ്രാപ്തമാക്കുന്നു. എപ്പോഴെങ്കിലും ജീവിതത്തിൽ ദുഖം വരുമ്പോൾ

എന്തു ചിന്തിക്കുന്നു? എനിക്ക് എന്തുകൊണ്ടു ഇങ്ങനെ വന്നു എന്നറിയില്ല എന്നു പറയുമോ? ഇങ്ങനെ പറയുന്നത് വിവേകമാണോ? ജ്ഞാനിയാണോ? പറയൂ ആണോ അല്ലയോ? അതെ എന്ന് വളരെ നന്നായി പറയുന്നുണ്ട്. വിവേകശാലിയുടെ അടയാളമാണ് അവർ ഒരിക്കലും ചതിക്കപ്പെടുകയില്ല. ഇതാണ് ജ്ഞാനി–യോഗിയുടെ അടയാളം. സദാ ക്ലീൻ ക്ലിയർ ബുദ്ധി. അതായത് ബുദ്ധി വ്യക്തവുമായിരിക്കണം, സ്പഷ്ടവുമായിരിക്കണം. ധാരണാ സ്വരൂപത്തിന്റെ അടയാളമാണ് – സദാ സ്വയം ഡബിൾ ലൈറ്റ്. എത്ര തന്നെ ഉത്തരവാദിത്തമുണ്ടെങ്കിലും സേവാധാരി സദാ ഡബിൾ ലൈറ്റാണ്. മേളയിലും കോലാഹലത്തിലും സദാ ഡബിൾ ലൈറ്റ്. സേവാധാരിയുടെ അടയാളമാണ് – സദാ നിമിത്ത ഭാവവും വിനയ ഭാവവും. അപ്പോൾ ഇത് സ്വയത്തിൽ പരിശോധിക്കൂ. പറയുമ്പോൾ എല്ലാവരും എന്താണ് പറയുന്നത്, നാനാ വിഷയത്തിലും ഈശ്വരീയ വിദ്യാർത്ഥി, അപ്പോൾ അതിന്റെ അടയാളവും കാണപ്പെടണം.
അപ്പോൾ പുതിയവർ എന്ത് ചെയ്യും? തന്റെ നിശ്ചയത്തെ പക്കയാക്കണം. ഇല്ലെങ്കിൽ എന്ത് സംഭവിക്കും? രണ്ട് മൂന്ന് വർഷം ഇതുപോലെ നിൽക്കും, പിന്നീട് പഴയലോകത്തേക്ക് മടങ്ങി പോകും. തിരികെ പോകുന്നവർക്ക് ആ ലോകത്തിലും സെറ്റ് ആവില്ല. ഈ ലോകത്തിലും സെറ്റാകില്ല, മറ്റേ ലോകത്തിലും ഇരിക്കുവാൻ കഴിയില്ല. അതിനാൽ തന്റെ അടിത്തറ വളരെ പക്കയാക്കൂ. അനുഭവം ചെയ്യൂ – സർവ്വശക്തനായ ബാബ എന്റെ കൂടെയുണ്ട്. ഈയൊരു കാര്യമെങ്കിലും അനുഭവം ചെയ്യുകയാണെങ്കിൽ എല്ലാത്തിലും പാസ്സാകും. ഇന്നത്തെക്കാലത്ത് പ്രധാന മന്ത്രിയ്ക്കും, മറ്റു മന്ത്രിമാർക്കെല്ലാം തന്റേതായ ലഹരിയുണ്ടാകും. എന്നാൽ ഇവിടെ ബാബ സർവ്വശക്തനാണ്.

ശരി, നാനാവശത്തുമുള്ള സദാ ശ്രേഷ്ഠ ഭാഗ്യശാലികളായ, ഭാഗ്യവിധാതാവിനെ തന്റേതാക്കി മാറ്റുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ ബാപ്ദാദയുടെ ശ്രീമതം കേട്ട് അതിനെ പെട്ടെന്ന് പ്രാവർത്തികമാക്കുന്ന എല്ലാ സത്പുത്രരായ കുട്ടികൾക്കും സദാ സേവനത്തിൽ അചഞ്ചലമായിരിക്കുന്ന, കോലാഹലത്തിൽ നിന്നും മുക്തമായിരിക്കുന്ന, പരമാത്മാ മിലനമേള ആഘോഷിക്കുന്ന എല്ലാ കുട്ടികൾക്കും ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്കാരവും.

ശരി. ഡബിൾ വിദേശകൾക്ക് ഡബിൾ ലഹരിയുണ്ടല്ലോ? ഡബിൾ വിദേശി അർത്ഥം ഡബിൾ ലൈറ്റ്, ഡബിൾ ലഹരി, ഡബിൾ ബാപ്ദാദയുടെയും പരിവാരത്തിന്റെയും പ്രിയപ്പെട്ടത്. മനസ്സിലായോ?

## വരദാനം – തന്റേതെന്ന അധികാരത്തിന്റെ അനുഭൂതിയിലൂടെ അധീനതയെ സമാപ്തമാക്കുന്ന സർവ്വ അധികാരിയായി ഭവിക്കട്ടെ.

ബാബയെ തന്റേതാക്കുക അർത്ഥം തന്റെ അധികാരം അനുഭവം ചെയ്യുക. എവിടെ അധികാരമുണ്ടോ അവിടെ സ്വയത്തെ പ്രതിയും അധീനതയില്ല, സംബന്ധ സമ്പർക്കത്തിലേക്ക് വരുന്നതിന്റെ അധീനതയില്ല, പ്രകൃതി അഥവാ പരിതസ്ഥിതിയുടെ അധീനതയില്ല. എപ്പോഴാണോ ഈ എല്ലാ പ്രകാരത്തിലുള്ള അധീനതകളും സമാപ്തമാകുന്നത്, അപ്പോൾ സർവ്വ അധികാരിയായിത്തീരുന്നു. ആരെല്ലാമാണോ ബാബയെ തിരിച്ചറിഞ്ഞ് തന്റേതാക്കി മാറ്റിയത്, അവർ തന്നെയാണ് മഹാനും അധികാരിയും.

## സ്ലോഗൻ – തന്റെ സംസ്കാരം അഥവാ ഗുണങ്ങളെ സർവ്വരുമായും ഒരുമിപ്പിച്ച് കൊണ്ടു പോകുക – ഇതു തന്നെയാണ് വിശേഷ ആത്മാക്കളുടെ വിശേഷത.